സർക്കാർ ഐ.ടി.ഐ. കളിലെ ട്രെയിനിംഗ് കോഴ്സുകൾ

* 63 [105] ശ്രീ. വർക്കല രാധാകൃഷ്ണൻ:
,, ഇ. പത്മനാഭൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, വി.ജെ. തങ്കപ്പൻ:
,, എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ഐ. ടി. ഐ. കളിൽ 1985 ആഗസ്റ്റിൽ ആരംഭിക്കുന്ന ട്രെയിനിംഗ് കോഴ്സിൽ മുമ്പുണ്ടായിരുന്ന എത്ര ഇനം ട്രേഡുകൾ നിറുത്തലാക്കി; എന്തുകൊണ്ട്;

(ബി) എത്ര വിദ്യാർത്ഥികൾക്ക് ട്രെയിനിംഗ് അവസരം നഷ്ടപ്പെട്ടു;

(സി) പുതുതായി കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പുതിയ ഐ.ടി.ഐ. കൾ തുടങ്ങാൻ ഏഴാം പദ്ധതിയിൽ എന്തെങ്കിലും തുക നീക്കിവച്ചിട്ടുണ്ടോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 1985 ആഗസ്റ്റിൽ ആരംഭിച്ച ട്രെയിനിംഗ് കോഴ്സുകൾ മുമ്പുണ്ടായിരുന്ന ട്രേഡുകളൊന്നും തന്നെ നിറുത്തലാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1985 ആഗസ്റ്റിൽ ആരംഭിച്ച ട്രെയിനിംഗ് വർഷത്തിൽ പുതിയ കോഴ്സുകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) പുതിയ ഐ.ടി.ഐ. കൾ തുടങ്ങുന്നതിന് ഏഴാം പദ്ധതിയിൽ 30 ലക്ഷം രൂപ പ്ലാനിംഗ് കമ്മീഷന്റെ വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്തിട്ടുണ്ട്.

പണി നടന്നുകൊണ്ടിരിക്കുന്ന ജലസേചന പദ്ധതികൾ

* 64 [106] ശ്രീ. പി. കെ. കെ. ബാവ:
,, പി.കെ. കുഞ്ഞാലിക്കുട്ടി:
,, ഇ.ടി. മുഹമ്മദ് ബഷീർ:
,, കെ.പി.എ. മജീദ്:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ചെറുകിട ജലസേചന പദ്ധതികളുടെ പണി നടന്നുകൊണ്ടിരിക്കുന്നു എന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ ഏതെല്ലാം;

(സി) പുതിയ ചെറുകിട ജലസേചന പദ്ധതികൾ ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ ഏതെല്ലാം?

ജലസേചന വകുപ്പു മന്ത്രി (ശ്രീ. എം.പി. ഗംഗാധരൻ):

(എ) 86 ക്ലാസ് 1 മൈനർ ഇറിഗേഷൻ പദ്ധതികളും 63 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 89 ക്ലാസ് 1 മൈനർ ഇറിഗേഷൻ പദ്ധതികളും 43 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും പുതിയതായി ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ട്.

(ഡി) അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെയും കോർപ്പറേഷനുകളിലെയും ബോണസ്

* 65 [107] ശ്രീ. ടി.കെ. ഹംസ:
,, സി.കെ. തങ്കപ്പൻ:
,, എം. ജിനദേവൻ:
,, കെ. മൂസ്സക്കുട്ടി:
,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലേയും കോർപ്പറേഷനുകളിലേയും തൊഴിലാളികൾക്ക് ഈ വർഷം ബോണസ് നൽകുന്നതു സംബന്ധിച്ച് സർക്കാർ വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്നു വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) ഒറിജിനൽ ഉത്തരവുകളും അതിന്റെ മലയാള തർജ്ജിമയും അനുബന്ധമായി ചേർത്തിട്ടുണ്ട്. †

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly